(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സാന്ത്വനം പദ്ധതി

193(3347) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതുമായ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ഉപയുക്തമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

സാന്ത്വനം വാടക വീട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടില്ല.

നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കിമാറ്റുന്നത് സംബന്ധിച്ച്

194 (3348) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുംവിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തൊക്കെയാണ് സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകിവരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേനവങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിസ്ഥിതിക്കിണങ്ങിയതും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണശൈലി പ്രചരിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനലക്ഷ്യം. അതോടൊപ്പം യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ തൊഴിൽ പരിശീലനം നൽകുക എന്നതും ലക്ഷ്യങ്ങളിൽ ഒന്നാണ്.

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതി കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചുവരുന്നു :

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുന്നു.
2. ആവശ്യക്കാർക്ക് ആയത് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്നു
3. കെട്ടിടനിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി, എന്നിവ നൽകിവരുന്നു.
4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധന ശാലകൾ നടത്തുന്നു.
5. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു.

മേൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

1. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തുശില്പി പദ്മശ്രീ ലാറി ബേക്കർ അവർകളുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് രൂപം നൽകുകയുണ്ടായി. അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.9 ഏക്കർ സ്ഥലം അനുവദിക്കുകയുണ്ടായി.
2. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly